**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 894** **09-10-2024 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ പ്ലസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയുടെ അനുബന്ധമായി പട്ടികവർഗ്ഗക്കാർക്ക് നടപ്പാക്കിയിട്ടുള്ള ട്രൈബൽ പ്ലസ് പദ്ധതിയിൽ ജോലി ചെയ്തവർക്ക് വേതനം വിതരണം ചെയ്യുന്നതിൽ ആറ് മാസം വരെ കാലതാമസം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | 2023-24 വർഷം വേതന വിതരണത്തിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ട്. 2023-24 വർഷം വേതനവിതരണത്തിനായി കുടിശ്ശിക ഉണ്ടായിരുന്ന തുകയിൽ 6.45 കോടി രൂപ 30.05.2024 തീയതിയിലും ബാക്കി തുകയായ 6.49 കോടി രൂപ 10.09.2024, 24.09.2024 തീയതികളിലുമാണ് സംസ്ഥാന തൊഴിലുറപ്പ് മിഷന്റെ ട്രൈബൽ പ്ലസ് പദ്ധതിയ്ക്കായുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് നൽകാൻ സാധിച്ചത്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിൽ എന്ത് തുക നീക്കിവെച്ചിരുന്നു; എന്ത് തുക ചെലവഴിച്ചു; ബഡ്ജറ്റ് വിഹിതമുണ്ടായിട്ടും യഥാസമയം വേതനം വിതരണം ചെയ്യുവാൻ കഴിയാതിരുന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | 35 കോടി രൂപ വീതമാണ് കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിൽ ട്രൈബൽ പ്ലസ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. 2022-23 സാമ്പത്തികവർഷം 33.17 കോടി രൂപയും 2023-24 സാമ്പത്തികവർഷം 45.72 കോടി രൂയും വേതന വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. വേതനവിതരണത്തിൽ മനഃപ്പൂർവ്വമായ കാലതാമസം ഉദ്യോഗസ്ഥതലത്തിൽ ഉണ്ടായിട്ടില്ല. |
| (സി) | നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അധിക തൊഴിൽ ദിനങ്ങൾ ഡിമാൻഡ് ചെയ്യുന്നതിന് സോഫ്റ്റ്‌വെയറിൽ ഓപ്ഷൻ ലഭ്യമല്ലാത്ത സാഹചര്യമുണ്ടായിരുന്നോ; വിശദാംശം വ്യക്തമാക്കുമോ; | (സി) | 100 ദിവസം വരെയുള്ള വേതനം ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന അതേ എം.ഐ.എസ്. സംവിധാനം തന്നെയാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം, കേരള ട്രൈബൽ പ്ലസ് പദ്ധതിയ്ക്കായും അനുവദിച്ച് നൽകുന്നത്. പട്ടികവർഗ്ഗ കുടുംബങ്ങൾ 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അധിക തൊഴിൽ ദിനങ്ങൾ നൽകുന്നതിന് MIS Option enable ചെയ്ത് നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക |

| | | | |
|---|---|---|---|
| | | | തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിന് Option enableചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ട്രൈബൽ പ്ലസ് പദ്ധതിയിൽ യഥാസമയം തൊഴിൽ ദിനങ്ങൾ ഡിമാൻഡ് ചെയ്യുന്നതിനും വേതനം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ പട്ടികവർഗ്ഗ കുടുംബങ്ങൾ ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം തൊഴിൽ ആവശ്യപ്പെടുന്ന മുറയ്ക്ക് സമയബന്ധിതമായി തൊഴിൽദിനങ്ങൾ ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ ആദ്യഗഡു തുക MGNREGSമിഷന് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ